**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 962** **09-10-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരത്തിന് നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നിലവിൽ നൽകുന്ന നഷ്ടപരിഹാരം ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | (എ) | 1980 ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാര-മാണ് വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത്. |
| (ബി) | പ്രസ്തുത ചട്ടത്തിന് അടിസ്ഥാനമായ നിയമം ഏതെന്നും കേരള സർക്കാരോ കേന്ദ്രസർക്കാരോ പ്രസ്തുത നിയമം പാസാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ പാസ്സാക്കിയ 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 64(2)(h) വകുപ്പ് പ്രകാരമാണ് വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കു നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ളത് . |
| (സി) | ഇല്ലെങ്കിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് പകരം ഈ വിഷയത്തിൽ സമഗ്രമായ ഒരു നിയമം പാസാക്കി അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അവകാശമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 1980 ലെ The Kerala Rules for Payment of Compensation to Victims of Attack by Wildlife Animals എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നിലവിൽ കാലതാമസം കൂടാതെ നൽകി വരുന്നുണ്ട് . നിയമം പാസ്സാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ